# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 121** **12-06-2019-ൽ**

മറുപടി നൽകേണ്ടത്

## <u>ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

**ശ്രീ. മഞ്ഞളാംകുഴി അലി**
**ഡോ. എം. കെ. മുനീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. സി. മമ്മൂട്ടി**

:

**ഡോ. കെ .ടി. ജലീൽ**
**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഗവേഷണ രീതിയുടെ ഗുണനില വാരത്തിലും പിന്നോക്കാവസ്ഥ നില നിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | എങ്കിൽ നിലവിലുള്ള ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പാഠ്യപദ്ധതിയിലും അടി സ്ഥാന സൗകര്യവികസനത്തിലും എന്തെല്ലാം മാറ്റങ്ങളാണ് അനിവാര്യ മെന്ന് കരുതുന്നത്; വിശദമാക്കാമോ; | (ബി) | ബാധകമല്ല |
| (സി) | സംസ്ഥാനത്ത് ധാരാളം എഞ്ചിനീ യറിംഗ് സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ഒട്ടുമിക്ക സ്ഥാപനങ്ങളിലും ബിരുദാ നന്തര ബിരുദ പദ്ധതികളോ ഗവേഷണ ത്തിനുള്ള സൗകര്യങ്ങളോ ഇല്ലാത്ത | (സി) യും (ഡി) യും | സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ട് ബിരുദ, ബിരുദാനന്തര തലങ്ങളിൽ വിദ്യാർഥികൾക്ക് |

| | | | |
|---|---|---|---|
| | താണ് സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിന് തടസ്സമാകുന്നതെന്ന് കരുതുന്നുണ്ടോ; | | പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ വിപുലപ്പെടുത്തുകയും വിസിറ്റിങ് ഫാക്കൽറ്റി പ്രോഗ്രാമുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ എഞ്ചിനീയറിംഗ്, പോളിടെക്നിക്ക് സ്ഥാപനങ്ങളിൽ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ, ഗവേഷണ ലാബുകൾ നിർമാണ സാമഗ്രികളുടെ പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങിയവ പ്രവർത്തിച്ച് വരുന്നുണ്ട്. ദേശീയ അന്തർദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇൻറ്റേൺ ഷിപ്പ് നടത്തുന്നതിനായി അസാപ്പ് മുഖാന്തരം നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ബിരുദ- |
| (ഡി) | എങ്കിൽ ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിന് ഇത്തരം സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുമായി എന്തെല്ലാം മാറ്റങ്ങളാണ് ഈ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | | |

| | | | |
|---|---|---|---|
| | | | ബിരുദാനന്തര വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്ക് വേണ്ടി ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ടപ് മിഷനുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. സാമൂഹ്യ വികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ എൻ.എസ്.എസ് ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ "പുനർജ്ജനി" പദ്ധതി നടപ്പാക്കി വരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പ് വരുത്താൻ എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനവവിഭവ ശേഷി സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിങ് |

| | | | |
|---|---|---|---|
| | | | കോളേജിൽ അക്കാദമിക വ്യവസായ മേഖലകളുടെ സമന്വയമായ ട്രെസ്റ്റ് Trivandrum Engineering Science and Technology Research Park (TREST) ഉം ട്രാൻസ്പോർട്ടേഷൻ റിസെർച്ച് സെന്റർ, പ്രൊഡക്ട് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ് സെന്റർ, ബാർട്ടൻഹിൽ എഞ്ചിനീയറിംങ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടപ്പാക്കിയിട്ടുള്ള റി-യൂസബിൾ ബിൽഡിങ് സിസ്റ്റം, കണ്ണൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിൽ ആരംഭിച്ച റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ എന്നിവ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പ്രധാന ഗവേഷണ പദ്ധതികളാണ്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദേശീയ അംഗീകാരം |

| | | | |
|---|---|---|---|
| | | | നേടുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംങ് കോളേജ്, സ്റ്റുഡൻസ് സാറ്റലൈറ്റ് രൂപ കൽപ്പന ചെയ്ത് വിക്ഷേപിക്കാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ എഞ്ചിനീയറിംങ് കോളേജിൽ Robotics & Artifical Intelligence Nodal Centre', കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ Centre of Excellence in System, Energy & Environment, ഇവ സ്ഥാപിച്ച് പ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഐ.എച്ച്.ആർ.ഡി കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജിനെ ഏഷ്യയിലെ ഏറ്റവും നല്ല ഐ.ഇ.ഇ.ഇ (IEEE) സ്റ്റുഡന്റ് ചാപ്റ്റർ ആയി തെരഞ്ഞെടുത്തു.<br>ബിരുദാനന്തര ബിരുദതല വിദ്യാഭ്യാസത്തിന്റെ പുനഃസംഘടന സാധ്യമാക്കാൻ ബാംഗ്ലൂർ ഐ.ഐ.എസ്.സി (IISC)-ലെ പ്രൊഫസറായ ഡോ. ഇ. ഡി |

| | | | |
|---|---|---|---|
| | | | ജെമ്മിസ് അദ്ധ്യക്ഷനായ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സർവ്വകലാശാല പരീക്ഷകൾ യഥാസമയം നടക്കുന്നുവെന്നും റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുവെന്നും ഉറപ്പാക്കുന്നതിന് ഒരു പൊതു അക്കാദമിക കലണ്ടർ രൂപീകരിക്കുന്നതിനും സർവ്വകലാശാലകളിലെ പ്രൊ വൈസ് ചാൻസലർമാരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലും സ്വയംഭരണ മേഖലയിലും സ്വാശ്രയ മേഖലയിലും പ്രവർത്തിക്കുന്ന കോളേജുകളെയും ഇതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അസസ്സ് ചെയ്ത് അക്രഡിറ്റേഷൻ നൽകുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) രൂപീകരിച്ചു. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്ത് ഐ.ഐ.റ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; ആയത് അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | പാലക്കാട് ഐ.ഐ.ടി ക്യാമ്പസിന് ആവശ്യമായ സ്ഥലമെടുപ്പ് (504.54 ഏക്കർ) അവസാന ഘട്ടത്തിലാണ്. 18 ഹെക്ടറിന് ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കാത്തത് കാരണമാണ് താമസം അനുഭവപ്പെട്ടിട്ടുള്ളത്. ആയത് സത്വരമാക്കാൻ 25.03.2019-ന് കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ ബാംഗ്ലൂർ റീജിയണൽ ഓഫീസിലേക്ക് ക്ലിയറൻസിനായി അയച്ചു കൊടുത്തിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിർമ്മാണ പ്രവൃത്തികളുടെ ടെന്റർ നടപടി CPWD മുഖേന ആരംഭിച്ചിട്ടുണ്ട്. ലബോറട്ടറി ബ്ലോക്കിന്റെയും ട്രാൻസിറ്റ് ക്യാമ്പസിന്റെയും നിർമ്മാണം പൂർത്തിയാക്കി ഉപയോഗിച്ചു വരുന്നുണ്ട്. |

Rakesh

**സെക്ഷൻ ഓഫീസർ**